(ബി) കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കശുവണ്ടിത്തോട്ടങ്ങളെ ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽ നിന്നൊഴിവാക്കുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) ഇല്ല

(ബി) കശുവണ്ടിത്തോട്ടങ്ങളെ ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽ നിന്നൊഴിവാക്കുന്നതിനുവേണ്ടി നിയമഭേദഗതി വരുത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

കശുവണ്ടി കയറ്റുമതി രംഗത്ത് സ്വീകരിച്ച നടപടികൾ

114 [1296] ശ്രീ. എൻ. ശക്തൻ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. എം. എ. ചന്ദ്രശേഖരൻ :

" സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് ഇക്കഴിഞ്ഞ രണ്ടുവർഷങ്ങളിൽ എന്ത് വില യ്ക്കുള്ള എത്ര ടൺ കശുവണ്ടി കയറ്റി അയച്ചു;

(ബി) അതിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിഹിതം എത്രയുണ്ടെന്ന് അറിയിക്കാമോ;

(സി) കശുവണ്ടി കയറ്റുമതി രംഗത്ത് ആഫ്രിക്കൻ രാജ്യങ്ങളുമായി മൽസരിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 7,88,43,282 രൂപയ്ക്കുള്ള 492.196 മെട്രിക് ടൺ കശുവണ്ടി പരിപ്പ് പൊതുമേഖലാസ്ഥാപനങ്ങൾ കയറ്റി അയച്ചു. സഹകാര്യസ്ഥാപനങ്ങൾ കയറ്റി അയച്ചതിന്റെ കണക്കുകൾ ലഭ്യമല്ല.

(ബി) കശുവണ്ടി വികസന കോർപ്പറേഷൻ 2003-04-ൽ 6,75,43,282.12 രൂപയ്ക്കുള്ള 381.024 ടൺ കശുവണ്ടി പരിപ്പും കാപ്പെക്സ് 2002-03-ൽ 1 കോടി 56 ലക്ഷം രൂപയ്ക്കുള്ള 79.38 മെട്രിക് ടണ്ണും 2003-04-ൽ 57 ലക്ഷം രൂപയ്ക്കുള്ള 31.792 മെട്രിക് ടൺ കശുവണ്ടിപ്പരിപ്പും കയറ്റി അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും മുന്തിയയിനം കശുമാവിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ഇക്കാര്യത്തിന് ഒരു മീറ്റിംഗ് സംഘടിപ്പിച്ചിരുന്നു. ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ സ്കീമുമായി ബന്ധപ്പെട്ട് കൊല്ലത്ത് ഒരു കാഷ്യൂ ഇൻഡസ്ട്രിയൽ ക്ളസ്റ്റർ-ഒരു റിസർച്ച് സെന്റർ ഉൾപ്പെടെ തുടങ്ങുന്നതിനുള്ള നിർദ്ദേശം കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് കാപ്പക്സ് സമർപ്പിച്ചിട്ടുണ്ട്.

തോട്ടണ്ടി ഇറക്കുമതി

115 [1297] ശ്രീ. ഡി. സുഗതൻ:

" എ. പി. അനിൽകുമാർ:

" കെ. സി. ജോസഫ്:

ശ്രീമതി രാധാരാഘവൻ:

ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് എത്ര ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തു;

(ബി) എവിടെ നിന്നെല്ലാമാണ് ഇറക്കുമതി ചെയ്തത്;

(സി) ഇറക്കുമതി ചെയ്ത കശുവണ്ടി ആർക്കെല്ലാം എത്ര വീതം അലോട്ട് ചെയ്തു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷൻ 2003-04-ൽ 2422.204 മെട്രിക് ടൺ തോട്ടണ്ടിയും കാപ്പെക്സ് 1374 മെട്രിക് ടൺ തോട്ടണ്ടിയും ഇറക്കുമതി ചെയ്തു.

(ബി) ഗിനിബസാവോ, ഐവറികോസ്റ്റ് എന്നീ രാജ്യങ്ങളിൽ നിന്ന് കശുവണ്ടി വികസന കോർപ്പറേഷനും, ഐവറികോസ്റ്റ്, ടാൻസാനിയാ എന്നിവടങ്ങളിൽ നിന്ന് കാപ്പെക്സും തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്.

(സി) പ്രത്യേകമായി അലോട്ട്മെന്റ് നൽകിയിട്ടില്ല. എന്നാൽ അതാത് സ്ഥാപനങ്ങൾ ആവശ്യവും ലഭ്യതയുമനുസരിച്ച് ഇറക്കുമതി നടത്തുകയാണ് ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly